**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4514** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിന് വകയിരുത്തിയ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗത്തിന് 2019-20, 2020-21 കാലയളവുകളിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 2019-20, 2020-21 കാലയളവുകളിൽ വിവിധ പദ്ധതികൾക്കായി പട്ടികജാതി വികസന വകുപ്പ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അടങ്കലും ചെലവും ചുവടെ ചേർക്കുന്നു. വർഷം വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) ചെലവ് (ലക്ഷം രൂപയിൽ 2019-20 178509 93277.98 2020-21 164219 155350.78 |
| (ബി) | തുക വകയിരുത്തിയിരുന്ന പ്രസ്തുത പദ്ധതികളിൽ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ലാത്ത എത്ര പദ്ധതികളുണ്ടെന്ന് അറിയിക്കുമോ; | (ബി) | തുക വകയിരുത്തിയിരുന്ന പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ച മുഴുവൻ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സഹായം നൽകുന്നതിനായി 2019-20, 2020-21 കാലയളവിൽ വകയിരുത്തിയ തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനായി 2019-20, 2020-21 കാലയളവിൽ വകയിരുത്തിയ തുകയും ചെലവും ചുവടെ ചേർക്കുന്നു. വർഷം വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) ചെലവ് (ലക്ഷം രൂപയിൽ 2019-20 49321 38888.11 2020-21 61670 54694.94 |
| (ഡി) | പ്രസ്തുത കാലയളവിൽ പട്ടികജാതി വകുപ്പിന് വകയിരുത്തിയ വിഹിതം വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത കാലയളവിൽ പട്ടികജാതി വികസന വകുപ്പിൽ വകയിരുത്തിയ പദ്ധതിവിഹിതം വകമാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ